ഉത്തരം

(എ) ഉണ്ട്.

(ബി) വിഭവ ലഭ്യതയുടെ അപര്യാപ്തതയാൽ നിലവിലുള്ള പദ്ധതികൾപോലും മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കൊച്ചിയിൽ ഒരു പുതിയ വിമാനത്താവളം നിർമ്മിക്കുവാൻ സാദ്ധ്യമല്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള കൊച്ചി വിമാനത്താവളം വികസിപ്പിക്കുവാൻ വിമാനത്താവളത്തിനു സമീപത്തുകൂടെ കടന്നു പോകുന്ന 47-ാം നമ്പർ നാഷണൽ ഹൈവേയുടേയും റെയിൽപ്പാതയുടെയും ഗതി മാറിവിടേണ്ടതുണ്ട്. അതിനുവേണ്ടി കൊച്ചി തുറമുഖത്തിനടുത്ത് കായൽ നികത്തുകയും വേണം. ഇതിനെല്ലാം മാത്രമായി ഉദ്ദേശം 10 കോടി രൂപയോളം വേണ്ടിവരുമെന്നും, നാഷണൽ എയർപോർട്ട് അതോറിറ്റിയുടെ ബഡ്ജറ്റിൽ വേണ്ടത്ര തുകയില്ലാത്തതിനാൽ ഇത്രയും വലിയ തുക ചെലവു ചെയ്ത് കൊച്ചി വിമാനത്താവളം വികസിപ്പിക്കുവാനോ പുതിയ ഒരു വിമാനത്താവളം നിർമ്മിക്കുവാനോ സാദ്ധ്യമല്ല എന്നും കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) ഇല്ല. ഏതു സ്ഥലം നിർണ്ണയിച്ചാലും അത് നൽകുന്നതിനു സർക്കാർ തയ്യാറാണെന്നു കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

കുടകിലെ മലയാളി വിരുദ്ധ പ്രക്ഷോഭം

431 [543] ശ്രീ. ലോനപ്പൻനമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കുടകിലെ മലയാളി വിരുദ്ധ പ്രക്ഷോഭത്തെപ്പറ്റി കർണ്ണാടക മുഖ്യമന്ത്രിയുമായി ഗവൺമെൻറ് ചർച്ച ചെയ്തുവോ ?

ഉത്തരം

എന്നാൽ അവിടുത്തെ മലയാളികളുടെ ജീവനും സ്വത്തിനും പൂർണ്ണ സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി ടെലിപ്രിൻറർ സന്ദേശം വഴിയും കത്തുമുഖേനയും കർണ്ണാടക മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംരക്ഷണം നൽകുന്നതാണെന്ന ഉറപ്പ് കർണ്ണാടക മുഖ്യമന്ത്രി തന്നിട്ടുണ്ട്. നേരിൽ കണ്ടു ചർച്ചയൊന്നും ചെയ്തിട്ടില്ല.

ഹൈക്കോടതിയിലെ നിയമനങ്ങൾ

432 [544] ശ്രീ. ലോനപ്പൻനമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതിയിലെ സ്റ്റാഫ് നിയമനങ്ങളിൽ നിന്ന് സാമുദായിക സംവരണം എടുത്തുകളഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻറെ കാരണങ്ങൾ വിശദീകരിക്കുമോ ;

(സി) ഇത് വീണ്ടും പുനസ്ഥാപിക്കാൻ ഗവൺമെൻറ് നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) ഹൈക്കോടതിയിലെ സ്റ്റാഫ് നിയമനങ്ങളിൽ പട്ടികജാതി—പട്ടികവർഗ്ഗക്കാർക്ക് സംവരണം ഇപ്പോഴും നിലവിലുണ്ട്.

(ബി), (സി) ഇതേ സംബന്ധിച്ച് ചില കേസുകൾ ഹൈക്കോടതിയിൽ നിലവിലുള്ളതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് യുക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly